**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 533 | 03.03.2020-ലെ മറുപടിയ്ക്ക്

## ഇടക്കൊച്ചി വില്ലേജിൽ ക്രിക്കറ്റ് സ്റ്റേഡിയം

| ചോദ്യം | | മറുപടി. | |
|---|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **ശ്രീ. ഇ. പി. ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ കേരള ക്രിക്കറ്റ് അസോസിയേഷന്റെ കൈവശമുള്ള 24 ഏക്കർ ഭൂമിയിൽ ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്ന വിഷയത്തിൽ നേരിടുന്ന തടസ്സങ്ങൾ ചർച്ച ചെയ്യുന്നതിനായി 23.12.2019-ന് കായിക-യുവജനകാര്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) & (ബി) | എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ കേരള ക്രിക്കറ്റ് അസോസിയേഷന്റെ കൈവശമുള്ള 24 ഏക്കർ ഭൂമിയിൽ ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്ന വിഷയത്തിൽ നേരിടുന്ന തടസ്സങ്ങൾ ചർച്ച ചെയ്യുന്നതിനായി 23.12.2019 ന് ചേർന്ന യോഗതീരുമാനങ്ങളും യോഗ നടപടിക്കുറിപ്പും **അനുബന്ധമായി** ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**

എറണാകുളം ക്രിക്കറ്റ് സ്റ്റേഡിയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതുമായി ബഹുമാനപ്പെട്ട വ്യവസായ കായിക യുവജന കാര്യാലയ വകുപ്പ് മന്ത്രി ഇ.പി.ജയരാജൻ അവർകളുടെ മുമ്പാകെ 23.12.2019 തിങ്കളാഴ്ച 9.30 ന് എറണാകുളം ഗസ്റ്റ് ഹൗസിൽ കൂടിയ യോഗത്തിന്റെ മിനുട്ട്സ്.

പങ്കെടുത്തവർ

| | | |
|---|---|---|
| 1. | ജോൺ ഫെർണാണ്ടസ് | - എം.എൽ.എ, എറണാകുളം |
| 2. | ശ്രീ. സുഹാസ് .എസ് | - കളക്ടർ, എറണാകുളം |
| 3. | ശ്രീ.ജയേഷ് ജോർജ്ജ് | - ജോയിന്റ് സെക്രട്ടറി, ബിസിസിഐ |
| 4. | കാർത്തികേയ വർമ്മ | - പ്രസിഡന്റ് ഓഫ് ഡിസ്ട്രിക്റ്റ് ക്രിക്കറ്റ് അസോസിയേഷൻ |
| 5. | തോമസ്.എ. ജെ | - തഹസിൽദാർ, കൊച്ചി. |
| 6. | അഡ്വ. പി.വി, ശ്രീനിജൻ | - പ്രസിഡന്റ്, ജില്ലാ സ്പോർട്സ് കൗൺസിൽ എറണാകുളം. |
| 7. | രാജേഷ് ജെ. ആർ | - സെക്രട്ടറി, ജില്ലാ സ്പോർട്സ് കൗൺസിൽ എറണാകുളം. |
| 8. | കെ.ജെ.ബെയ്സിൽ | - കൗൺസിലർ |
| 9. | കെ.എ.ബെന്നി | - പ്രസിഡന്റ്, ഐ.ആർ.ആർ.എ, ഇടകൊച്ചി |
| 10. | കെ.എഫ്.ഹെൻട്രി | - ഡിസ്ട്രിക്റ്റ് ക്യാബിനറ്റ് മെമ്പർ, ലയൺസ് ക്ലബ് ഇന്റർനാഷണൽ |
| 11. | കാർത്തികേയൻ.പി.എ | - സെക്രട്ടറി, ഇടകൊച്ചി റസിഡൻഷ്യൽ അസോസിയേഷൻ കോർഡിനേഷൻ കമ്മിറ്റി |
| 12. | കെ.എ.റോക്കി | - ഇടകൊച്ചി കോർഡിനേഷൻ കമ്മിറ്റി |
| 13. | മേഴ്സിക്കുട്ടൻ | പ്രസിഡന്റ് കെ.എസ്.എസ്.സി |
| 14. | അജിത് കുമാർ.ബി | - അഡീഷണൽ ഡയറക്ടർ, സ്പോർട്സ് ആന്റ് യൂത്ത് അഫേയേഴ്സ് |

എറണാകുളം ജില്ലയിലെ ഇടകൊച്ചി വില്ലേജിൽ കേരള ക്രിക്കറ്റ് അസോസിയേഷന്റെ കൈവശമുള്ള 24 ഏക്കർ ഭൂമിയിൽ ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്ന വിഷയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട വ്യവസായ കായിക യുവജന വകുപ്പ് മന്ത്രി ശ്രീ. ഇ. പി ജയരാജൻ വിശദമായി യോഗത്തിൽ വിവരിക്കുകയുണ്ടായി. നിലവിലെ അവസ്ഥയെക്കുറിച്ചും, ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും വിശദീകരിക്കുകയുണ്ടായി. തുടർന്ന് ജോൺ ഫെർണാണ്ടസ് എം.എൽ.എ നിലവിലുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് ദീർഘമായി പ്രതിപാദിക്കുകയുണ്ടായി. പ്രസ്തുത ഗ്രൗണ്ടിനെ സംബന്ധിച്ചും അവിടെ ക്രിക്കറ്റ് ഗ്രൗണ്ട് ഉണ്ടാക്കുന്നതിനുള്ള സൗകര്യങ്ങളെക്കുറിച്ചും ബി.സി.സി.ഐ ജയേഷ് ജോർജ്ജ് സംസാരിക്കുകയുണ്ടായി. ഇതിനെ തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

തീരുമാനങ്ങൾ

1. നിലവിലുള്ള സ്ഥലത്തെക്കുറിച്ചും അതിന്റെ നിലവിലെ അവസ്ഥയെ സംബന്ധിച്ചും ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുമ്പോഴുള്ള പ്രശ്നങ്ങളെയും അതിനുള്ള പരിഹാരങ്ങളെയും ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റിലെ പരിസ്ഥിതി വകുപ്പിനെ അറിയിക്കുന്നതിനായി തീരുമാനിച്ചു. ഈ സ്ഥലം ഏറ്റെടുക്കുന്നതിനും നിലവിൽ സ്റ്റേഡിയം നിർമ്മാണ പ്രവർത്തനം നിർത്തി വയ്ക്കുന്നതിനും നിദാനമായ ഓർഡറിനെ സംബന്ധിച്ച് നിയമപരമായ പരിഹാര നിർദ്ദേശങ്ങൾ രേഖാമൂലം പരിസ്ഥിതി വകുപ്പിനെ അറിയിക്കണമെന്ന് തീരുമാനിച്ചു.

2. നിലവിലുള്ള മിച്ചഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനായി കളക്ടർ ചെയർമാനായുള്ള കമ്മിറ്റി രുപീകരിച്ച് ഡി.പി.ആർ തയ്യാറാക്കി പ്രശ്നം പരിഹരിക്കുന്നതിനും തീരുമാനിച്ചു.

3. കണ്ടൽ കാടുകളുടെ പ്രശ്നവുമായി ബന്ധപ്പെട്ട് കണ്ടൽ കാടുകളുടെ നശീകരണം ഒഴിവാക്കുന്നതിനും ഏതെങ്കിലും കാരണവശാൽ കണ്ടൽ ചെടികൾ ഒഴിവാക്കേണ്ടി വരുന്ന സാഹചര്യത്തിൽ അതിനു പകരം കണ്ടൽ ചെടികൾ വച്ചു പിടിപ്പിക്കുന്നതിനും തീരുമാനിച്ചു. ഇക്കാര്യം കേന്ദ്ര പരിസ്ഥിതി വകുപ്പിനെ അറിയിക്കാൻ തീരുമാനിച്ചു.

തുടർന്ന് യോഗത്തിൽ പങ്കെടുത്ത് എല്ലാവർക്കും ബഹുമാനപ്പെട്ട കായിക മന്ത്രി നന്ദി രേഖപ്പെടുത്തുകയും 11 മണിക്ക് യോഗം അവസാനിക്കുകയും ചെയ്തു.

S.O